**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3343** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂപരിഷ്കരണ നിയമപ്രകാരം പരിധിയിൽ കവിഞ്ഞ് ആർജ്ജിച്ച ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂപരിഷ്കരണ നിയമത്തിലെ 83-ാം വകുപ്പ് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പരിധിയിൽ കവിഞ്ഞ് ആർജ്ജിച്ച ഭൂമിയുടെ വിവരങ്ങൾ നിർദ്ദിഷ്ട ഫാറത്തിൽ അറിയിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ കഴിഞ്ഞ 5 വർഷം ഇതു സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം 01/01/1970-ന് ശേഷം കേരളത്തിൽ ആരും തന്നെ പരിധിയിലധികം ഭൂമി കൈവശം വയ്ക്കുവാൻ പാടില്ലെന്ന് 83-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പരിധിയിലധികം ഭൂമി ആർജ്ജിച്ചാൽ പരിധിയിലധികമുള്ള ഭൂമി സ്വമേധയാ സറണ്ടർ ചെയ്യണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇപ്രകാരം കക്ഷി സ്വമേധയാ സറണ്ടർ ചെയ്തില്ല എങ്കിൽ അത്തരക്കാർക്ക് എതിരെ താലൂക്ക് ലാൻഡ് ബോർഡുകൾക്ക് സ്വമേധയാ കേസെടുക്കാമെന്നും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷം കക്ഷികളാരും തന്നെ സ്വമേധയാ ഭൂമി സറണ്ടർ ചെയ്യുകയോ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. |
| (ബി) | ഇപ്രകാരം എത്ര ഏക്കർ ഭൂമി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ; | (ബി) | 1970 മുതൽ ആരംഭിച്ച കേസുകളാണ് താലൂക്ക് ലാന്റ് ബോർഡുകളിൽ ശേഷിക്കുന്നത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തീർപ്പാക്കിയ കേസുകളിൽ മിച്ചഭൂമി ഉണ്ടെന്ന് കണ്ടെത്തി ഏറ്റെടുക്കാൻ ഉത്തരവായ കേസുകളിൽ 762.97 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിനു വീഴ്ച വരുത്തിയതു കാരണം സ്വമേധയായി കേസെടുത്ത് ഭൂപരിധി നിർണ്ണയിച്ച് മിച്ചഭൂമി കണ്ടെത്തിയ എത്ര കേസുകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഉണ്ടായിയെന്നും അതനുസരിച്ച് എത്ര ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തുവെന്നും വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ 5 വർഷം മൊത്തം 138 കേസുകൾ താലൂക്ക് ലാന്റ് ബോർഡുകൾ സ്വമേധയാ ആരംഭിച്ചിട്ടുണ്ട്. ഈ കേസുകളിൽ ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ